**ശ്രദ്ധക്ഷണിക്കൽ**

മത്സ്യക്ഷാമത്തെക്കുറിച്ച് പഠനം നടത്താൻ കമ്മീഷൻ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തിലെ കടലിൽ രൂക്ഷമായമത്സ്യക്ഷാമം അനുഭവിക്കുകയാണ്. പതിറ്റാണ്ടുകളായി ഉണ്ടാകാത്തത്ര രൂക്ഷമായ മൽസ്യക്ഷാമമാണ് ഇന്നനുഭവിക്കുന്നത്. നമുക്ക് സാധാരണയായി ലഭിക്കുന്ന കൊച്ചുമത്സ്യങ്ങൾ പോലും കടലിൽ ഇല്ലാതായി മാറുകയാണ്. ഇത് കടലോരപ്രദേശങ്ങളെ വലിയ പട്ടിണിയിലേക്ക് നയിക്കുകയാണ്. യന്ത്രവൽകൃതയാനങ്ങൾ ഉപയോഗിച്ചുള്ള അനിയന്ത്രിതമായ മൽസ്യബന്ധനം, കണ്ണിവലുപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ചുള്ള മൽസ്യബന്ധനം, രാത്രികാല മൽസ്യബന്ധനം, വള്ളങ്ങളുടെ വീതി, നീളം, എഞ്ചിൻ കപ്പാസിറ്റി ഇവയൊന്നും ശ്രദ്ധിക്കാതെ അനിയന്ത്രിതമായും അശാസ്ത്രീയമായും നടത്തുന്ന മൽസ്യബന്ധനം എന്നിവയെല്ലാംകൊണ്ട് കേരളത്തിലെ കടലിൽ രൂക്ഷമായ മൽസ്യക്ഷാമം ഉണ്ടാകുകയാണ്. ഈ സാഹചര്യംമൂലം കേരളത്തിലെ മൽസ്യത്തൊഴിലാളികളുടെ ഇടയിൽ വലിയ പട്ടിണിയുണ്ടായിരിക്കുന്നു. ഇക്കാര്യം പഠിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ വയ്ക്കണം, അതോടൊപ്പംതന്നെ കണ്ണിവലുപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ച് അശാസ്ത്രീയമായി ചെറു മൽസ്യങ്ങളെ പിടിക്കുന്നത് തടയാനുള്ള

നടപടി സർക്കാർ സ്വീകരിക്കണം. ഈ കാര്യത്തിനു വേണ്ടിയുള്ള ശ്രദ്ധക്ഷണിക്കലിന്റെ ബാക്കിഭാഗം ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.[1]

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ചെറു മത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ തന്നെ മൽസ്യക്ഷാമം പരിഹരിക്കുന്നതിനായി രാത്രികാല മൽസ്യബന്ധനം, എഞ്ചിന്റെ കപ്പാസിറ്റി, വള്ളങ്ങളുടെ നീളം, വീതി, ഉപയോഗിക്കുന്ന വലയുടെ നീളം, വീതി, കണ്ണികളുടെ വലിപ്പം, ഉടമസ്ഥാവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കൽ, ഓരോ ഹാർബറിലും വരാവുന്ന ബോട്ടുകളുടെ എണ്ണം തുടങ്ങിയവ നിശ്ചയിക്കുകയും പുതിയ സാഹചര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതുമാണ്.

കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനംമൂലം അടിക്കടിയുണ്ടാകുന്ന കടലാക്രമണവും, വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിക്കുന്നവർക്കും വസ്തുവകകൾ നഷ്ടപ്പെടുന്നവർക്കും സഹായം നൽകാൻ കടലാക്രമണവും വെള്ളപ്പൊക്കവും പ്രകൃതി ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കടൽക്ഷോഭത്തിൽ വള്ളവും വലയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇപ്പോൾ ധനസഹായം നല്കി

1 അനുബന്ധമായി ചേർത്തിട്ടുണ്ട്.

വരുന്നുണ്ട്.

അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിനായി വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ് നടത്തിവരുന്നുണ്ട്. നിയമവിരുദ്ധമായി മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് പിഴ ഈടാക്കുകയും ആവശ്യമായ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കുറ്റം ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യാനം ഉൾപ്പെടെ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും യാനത്തിന്റെ രജിസ്ട്രേഷനും ലൈസൻസും റദ്ദ് ചെയ്യുകയും ചെയ്യും.

നിയന്ത്രണ രഹിതമായ യന്ത്രവല്കരണ യാനങ്ങളുടെ ഉപയോഗംമൂലം മത്സ്യ സമ്പത്ത് കുറയുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ഫിഷറീസ് വകുപ്പിന്റെ രജിസ്ട്രേഷൻ ഇല്ലാതെ മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പുതുതായി യന്ത്രവല്കൃത യാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതല്ലെന്നും പഴയ ബോട്ടിന് പകരമായി പുതിയത് നിർമ്മിക്കണമെന്നും അറിയിപ്പ് നൽകിയിട്ടുള്ളതാണ്. നിലവിലുള്ളവയുടെ രജിസ്ട്രേഷൻ കാലാവധി ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ കടൽത്തീരങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന

ലക്ഷ്യത്തോടെ മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസം ട്രോളിംഗ് നിരോധനം നടത്തിവരുന്നു. അമിതമായ മത്സ്യബന്ധനം മൂലം വാണിജ്യപ്രാധാന്യമുള്ള മത്സ്യങ്ങൾക്കും ചെമ്മീൻ ഇനങ്ങൾക്കും ക്ഷാമം സംഭവിക്കുന്നത് തടയുന്നതിനായി കേരളത്തിലെ തീരദേശ ജില്ലകളിലെ തെരഞ്ഞെടുത്ത കായലുകളിലും അഴിമുഖങ്ങളിലും ഗുണമേന്മയുള്ള മത്സ്യവിത്തുകൾ സംഭരിച്ച് നിക്ഷേപിച്ചുവരുന്നു.

കടുത്ത വറുതിയിലായിരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് രണ്ടാഴ്ചക്കാലത്തേയ്ക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിനായി 28.03.2015 ലെ ജി.ഒ. (എം.എസ്) 129/2015/മതുവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2015 ലെ ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന ബോട്ടിലെ ജീവനക്കാർ, ഹാർബറിലെ ജീവനക്കാർ, പീലിംഗ് തൊഴിലാളികൾ എന്നിവർക്ക് സൗജന്യറേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്.

കടലോരമേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ

മാസങ്ങളിലാണ് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകുന്നത്. ഈ സാമ്പത്തിക വർഷത്തെ തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി 1,29,691 അപേക്ഷകൾ രജിസ്റ്റർ ചെയ്യുകയും ആയതിൽ 70,324 അപേക്ഷകൾ കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസം നൽകുന്നതിനായി 2008-09 മുതൽ 2014-15 വരെയായി 175.7 കോടി രൂപ സർക്കാർ അനുവദിക്കുകയും 54,571 ഗുണഭോക്താക്കൾക്ക് കടാശ്വാസം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം കടാശ്വാസം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

തീരദേശ മേഖലകളിലെ മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക വളർച്ചയും അവർക്ക് കൂടുതൽ തൊഴിലവസരങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സാഫ് മുഖേന കേരള മത്സ്യത്തൊഴിലാളി വികസന ഫെഡറേഷനും സാഫ് നേരിട്ടും മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളി സമൂഹം ഇടനിലക്കാരിൽനിന്നും വായ്പകൾ സ്വീകരിക്കുന്നതുമൂലം വരുമാന നഷ്ടമുണ്ടാകുന്നു. ഇതിന് പരിഹാരമായി മത്സ്യത്തൊഴിലാളികൾക്കാവശ്യമായ പ്രവർത്തനമൂലധനത്തിന് പലിശരഹിത വായ്പ

5000 രൂപ ക്രമത്തിൽ നൽകിവരുന്നു. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി കുറഞ്ഞ പലിശനിരക്കിൽ മത്സ്യബന്ധന ഉപകരണങ്ങൾ മത്സ്യഫെഡ് മുഖേന നൽകിവരുന്നുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കുറഞ്ഞ പലിശനിരക്കിൽ വായ്പയും സംഘാംഗങ്ങൾക്ക് നൽകിവരുന്നുണ്ട്.

യന്ത്രവല്കൃത യാനങ്ങൾ രാത്രികാല മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിച്ചിട്ടുണ്ട്. കൂടാതെ നിരോധിത വലകൾ ഉപയോഗിച്ച് അനധികൃത മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിന് മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗ് നടത്തിവരുന്നുണ്ട്.

കണ്ണിവലുപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതുവഴി ചെറുമത്സ്യങ്ങൾ ഉൾപ്പെടെ വലയിൽ കയറുകയും ഇപ്രകാരം മത്സ്യസമ്പത്ത് കുറയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനായി ഓരോ ഇനങ്ങളുടെയും പിടിക്കാവുന്ന മത്സ്യത്തിന്റെ വലിപ്പം നിശ്ചയിച്ചുകൊണ്ട് അപ്രകാരമുള്ള വലിപ്പത്തിൽ താഴെയുള്ള മത്സ്യങ്ങൾ പിടിക്കുന്നത് പ്രത്യേകമായി നിരോധിക്കുന്നതിന് വിജ്ഞാപനം ഉടനെ

പുറപ്പെടുവിക്കും. കേരളത്തിന്റെ സമുദ്ര മത്സ്യലഭ്യതയിൽ കുറവുണ്ടായതായി 5 വർഷത്തെ കണക്ക് പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്.

| 1. വർഷം | 2. മത്സ്യ ഉല്പാദനത്തിന്റെ തോത് (മെട്രിക് ടൺ) |
|---|---|
| 3. 2009-10 | 4. 5.70 |
| 5. 2010-11 | 6. 5.60 |
| 7. 2011-12 | 8. 5.53 |
| 9. 2012-13 | 10. 5.31 |
| 11. 2013-14 | 12. 5.22 |

(ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)